രുടെ അധികാരാതൃത്തി കോട്ടയം കടന്നു വൈയ്ക്കവും വൈക്കത്തിനു പടിഞ്ഞാറുള്ള ചേർത്തലയും ഉൾപ്പെട്ടിരിക്കുന്നു. മൂവാറ്റുപുഴ ഇൻസ്പെക്ടർ കോട്ടയംകടന്നു പീരുമേട്ടു മുതലായ സ്ഥലങ്ങളിലേയ്ക്കു പോകേണ്ടിയിരിക്കുന്നു. ഇതു് സകലർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സംഗതിയാണു്. കോട്ടയംഡിവിഷനെ മുൻപിലത്തെപ്പോലെ ഒരു ഹെഡ്കച്ചേഴ്സ് ആക്കേണ്ടതു് അത്യാവശ്യമാണു്. രാജ്യം ഒട്ടുക്കു സഞ്ചരിക്കുന്നതിനുവിധത്തിൽ ഇൻസ്പെക്ടറന്മാർ ഇപ്പോൾ ധാരാളം ഉണ്ടു്. ഇൻസ്പെക്ടർമാരുടെ കീഴിൽ അസിസ്റ്റൻറിൻസ്പെക്ടർമാരുമുണ്ടു്. അസിസ്റ്റൻറിൻസ്പെക്ടന്മാർക്കു് മിഡിൽസ്കൂളുകളും പ്രൈമറിസ്കൂളുകളും പരിശോധിക്കാമെന്നുവച്ചിരിക്കെ, അസിസ്റ്റൻറിൻസ്പെക്ടറസ്സുകൾക്കു മിഡിൽസ്കൂൾ പരിശോധിക്കാൻ പാടില്ലാ എന്നു നിശ്ചയിച്ചിരിക്കുന്നതിൻെറ കാരണം മനസ്സിലാകുന്നില്ല. തിരുവനന്തപുരത്തുള്ള ഇൻസ്പെക്ടറസ്സിൻെറ പേഴ്സനൽ അസിസ്റ്റൻറു രാജ്യം ഒട്ടുക്കു സഞ്ചരിക്കണം എന്നു ചുരുക്കുന്നു. അതാതു സ്ഥലത്തുള്ള അസിസ്റ്റൻറിൻസ്പെക്ടറസ്സുകൾ വർണാക്കുലർ മിഡിൽസ്കൂൾ പരിശോധനക്രമം നടത്താൻ സാധിയ്ക്കുന്നതുകൊണ്ടു് ഇൻസ്പെക്ടറസ്സിൻെറ അസിസ്റ്റൻറു് രാജ്യം ഒട്ടുക്കു സഞ്ചരിച്ചു പരിശോധനനടത്തേണ്ട ആവശ്യം ഇല്ല. വിശേഷിച്ചും അതു് ഒരു അധികചിലവായിവരുന്നതാണു്. അതിനുംപുറമെ മറ്റു അസിസ്റ്റൻറിൻസ്പെക്ടറസ്സുകൾക്കു സങ്കടകാരണവുമാകുന്നു. നാലിൻസ്പെക്ടറന്മാർ ഇപ്പോൾ ഉള്ള സ്ഥിതിയ്ക്കു ഒരു ഇസ്പെക്ടറസ്സിൻെറ ആവശ്യം അശേഷം ഇല്ലെന്നു ഇതിൽനിന്നും തെളിയുന്നതാണു്. ഈ സ്ഥിതിയ്ക്കു ഈ ഇൻസ്പെക്ടറസ്സു ഉദ്യോഗം നിറുത്തൽചെയ്യുന്നതു നന്നായിരിക്കും.

ഈ അവസരത്തിൽ ഫീസു ഇളവുചെയ്യുകിട്ടേണ്ടതു് അത്യാവശ്യമാണു്. കഴിഞ്ഞവർഷത്തെ ഡയറക്ടറുടെ റിപ്പോർട്ടിൽ ഫ്രീ ഓഫ്-നെക്കാൾ ഫ്രീ വു-ൽ ഇംഗ്ലീഷുസ്കൂളുകളിൽ വിദ്യാർത്ഥികൾ കുറവുണ്ടെന്നു് പറഞ്ഞുകാണുന്നു. മറെറാരുഭാഗത്തു് ഭൂസ്വത്തുടമസ്ഥന്മാരുടേയും കൃഷിക്കാരുടേയും കുട്ടികൾ ഫീ ഓ ഓ കുറഞ്ഞിട്ടുണ്ടു് എന്നും അതിനുള്ള പ്രധാനകാരണം സാമ്പത്തികാധഃപതനമാണെന്നും അദ്ദേഹം പരിപൂർണ്ണമായി സമ്മതിക്കുന്നുണ്ടു്. ഇങ്ങനെ സമ്മതിക്കുന്നതല്ലാതെ ഈ സാമ്പത്തികാധഃപതനത്തിൻെറ പരിഹാരത്തിനു ഗവണ്മെൻറിൽനിന്നും യാതൊന്നും നിർദ്ദേശിച്ചുകാണുന്നില്ല. അതുകൊണ്ടു് ഫീസു് ഇളവുചെയ്തുകൊടുക്കുന്നതിനു ഉദ്യോഗസ്ഥന്മാരുടെ തന്നെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

ന്യായങ്ങളുണ്ട്. എന്നാൽ ഫീസുകുറയ്ക്കണം എന്നുള്ള സംഗതി കേൾക്കുമ്പോൾതന്നെ ഒരു ഭീമമായ സംഖ്യ അതുനിമിത്തം നഷ്ടംവരികയില്ലേഎന്നു തോന്നിയേക്കാം. ഈ രാജ്യം ഒട്ടുക്കുള്ള വിദ്യാലയങ്ങളിൽനിന്നും കിട്ടുന്നഫീസ് ഉദ്ദേശം ഏഴ്ലക്ഷം രൂപാമാത്രമേയുള്ളൂ. അതിൽനിന്നും മൂന്നരലക്ഷംരൂപാ കുറയ്ക്കുന്നതു് ഒരു വലിയ കുറവായിവരാനിടയില്ല. ഒമ്പതു ലക്ഷം രൂപാ വരവുള്ള ഗവണ്മെൻറിനു ഒരു മൂന്നരലക്ഷംരൂപ കുറയ്ക്കാൻ സങ്കടപ്പെടേണ്ട ഒരാവശ്യവും ഇല്ല. ഈ രാജ്യം വിദ്യാഭ്യാസവിഷയത്തിൽ വളരെ മുന്നോക്കം നില്ക്കുകയാണുചെയ്യുന്നതു്. രാജ്യത്തിൻെറ പ്രശസ്തിയെ മുന്നോട്ടു കൊണ്ടുപോകുന്നതിനു് വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരിയ്ക്കുന്നതിനാൽ വിദ്യാഭ്യാസംചെയ്യുന്നതിനുള്ള സൌകര്യത്തിനെ ഉദ്ദേശിച്ചെങ്കിലും ഫീസ് പകുതികുറച്ചുകൊടുക്കണമെന്നു ഞാനപേക്ഷിക്കുന്നു.

എൻെറ ഒരു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ കാളേജിലെ പ്രൊഫസ്സേഴ്സിൻെറ ശമ്പളം കുറയ്ക്കുന്നതുകൊണ്ടു് യാതൊരനൌചിത്യവും വരാനില്ല. മുൻപു് ഈ പ്രൊഫസ്സേഴ്സിൻെറ ശമ്പളം രണ്ടു ഗ്രേഡിൽ ആയിരുന്നു. അന്നു് യൂറോപ്യൻ പ്രൊഫസ്സേഴ്സും ഉണ്ടായിരുന്നു. അവക്കു് ബ്രിട്ടീഷ് ഇൻഡ്യയിലുംമറും കിട്ടിവന്നിരുന്ന തോതനുസരിച്ചു് ഉയർന്ന ശമ്പളവും നാട്ടുകാർക്കു് ചുരുങ്ങിയ തോതിലുള്ള ഒരു ശമ്പളക്രമവും ആണു് ഉണ്ടായിരുന്നതു്. സർ. പി. രാജഗോപാലാചാരി ഇവിടെ ദിവാൻജിയായിരുന്നകാലത്താണെന്നു തോന്നുന്നു നാട്ടുകാരായ പ്രൊഫസ്സേഴ്സിൻെറ ശമ്പളം യൂറോപ്യൻ പ്രൊഫസ്സേഴ്സിൻെറ ശമ്പളത്തിനനുസരിച്ചു് ഉയർത്തിക്കൊടുത്തിട്ടുള്ളതു്. ഇന്നിവിടെ യൂറോപ്യൻപ്രൊഫസ്സേഴ്സ് ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ സാമ്പത്തികാധഃപതനകാലത്തു് പ്രൊഫസ്സേഴ്സിൻെറ ശമ്പളം കുറയ്ക്കുന്നതിൽ യാതൊരു അനൌചിത്യവും വരാനില്ല. അങ്ങിനെ കുറച്ചുകിട്ടുന്നതുകൊണ്ടു് ഫീസ് ഇളവുചെയ്യുന്നതുനിമിത്തമുള്ള നഷ്ടത്തെ പരിഹരിക്കാവുന്നതാണു്. ഏതു രീതിയിലെങ്കിലും ഫീസ് ഇളവുചെയ്യുകിട്ടേണ്ടതു് അത്യാവശ്യമാണു്. സർവ്വകലാശാലാപരീക്ഷാഫലത്തെപ്പറ്റിയാണു് എനിക്കു് അടുത്തതായി പറയുവാനുള്ളതു്. ഇൻറർമീഡിയറ് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. എൻെറ മറു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ സയൻസ് കാളേജിലെ പരീക്ഷാഫലം തീരെ തൃപ്തികരമായിരിക്കുന്നില്ല. എത്രയോ പണം ചിലവാക്കി ഇവിടെ നടത്തിവരുന്ന പരീക്ഷകളുടെ ഫലം മറു സ്കൂളുകളെ അപേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിച്ച വളരെ മോശമായിരിക്കുന്നതു് തീരെ ആശാസ്യമായിരിക്കുന്നില്ല. മദ്രാസ് സർവ്വകലാശാലാപരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തുമ്പോൾ പ്രസിഡൻസിയിലെ മറ്റു കാളേജുകളുടെ പരീക്ഷാഫലവുമായി താരതമ്യപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. ബി. എ. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുമ്പോഴും അതുപോലെതാരതമ്യവിവേചനം-Comparative statement-വേണം. സ്കൂൾഫൈനൽ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തുമ്പോൾ ഓരോ കൊല്ലത്തിലും ഓരോ സ്കൂളിൽ ന്യൂ-ാം ഫാറത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര എന്നും അവരിൽ എത്രപേരെ പരീക്ഷയ്ക്ക് അയച്ചുവെന്നും അവരിൽ എത്രപേർ പാസായി എന്നും വിശദമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. തിരുവിതാംകൂറിലെ ഗവണ്മെൻറുവിദ്യാലയങ്ങളുടെ പരീക്ഷാഫലം മൊത്തത്തിൽ പ്രൈവറ്റു വിദ്യാലയങ്ങളെ അപേക്ഷിച്ചു വളരെ മോശമാണെന്നു പറയാതിരിക്കുവാൻ നിവർത്തിയില്ല. ഗ്രാൻറു പ്രതിവർഷം പതിനായിരക്കണക്കിനു കുറയ്ക്കുന്നതും ശരിയല്ല. ഗ്രാൻറുസ്കൂൾ അധ്യാപകന്മാരേയും ഗവണ്മെൻറുസർവ്വീസിൽ എടുക്കണം. ഫ ൦ ൦-ാം ഫ ൦ ൧-ാംമദ്ധ്യേ പകരംനോക്കിയവരെ മാത്രമെ നിയമിക്കാവു എന്നുള്ള ഉത്തരവു റദ്ദുചെയ്യണം. മലയാളം സ്കൂളിലെ S. S. L. C. ക്കാർക്കു ഇംഗ്ലീഷുസ്കൂളിലേക്കു പ്രമോഷൻ നൽകണം. ആദ്യനിയമനം മലയാളം സ്കൂളുകളിൽ കൊടുക്കണം. ജോലിക്കുള്ള അപേക്ഷകളിൽ ആദ്യമാദ്യം പാസായവർക്കു പ്രാഥമ്യം നൽകണം. ഹിൻഡിക്കുടി എല്ലാ വിദ്യാലയങ്ങളിലും പഠിപ്പിക്കണം. വായനശാലകൾക്കു നൽകുന്ന ഗ്രാൻറു് അശേഷം തൃപ്തികരമാകുന്നില്ല. ചുരുങ്ങിയതു് ഒരുപകൃതിയിൽ ഒരു വായനശാലവീതം ഉണ്ടാക്കണം. പ്രൈവറ്റു വിദ്യാലയങ്ങളിലെ അധ്യാപകന്മാരെ മാറുന്നതിനെ സംബന്ധിച്ചു പല പരാതികളും ഉണ്ടാകുന്നുണ്ടു്. ഗവണ്മെൻറുസ്കൂൾ അധ്യാപകന്മാരെപ്പോലെ ഇവർക്കും അവരുടെ ശമ്പളത്തിനായി ഗവണ്മെൻറിൽനിന്നും ഗ്രാൻറുകൊടുത്തുവരുന്ന സ്ഥിതിക്കു് അവരുടെ സങ്കടപരിഹാരത്തിനു് ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതും ഗവണ്മെൻറുസ്കൂൾ അധ്യാപകന്മാർക്കുള്ളതുപോലുള്ള അവധി മുതലായ സംഗതികൾ അവർക്കു കൊടുക്കേണ്ടതുമാണു്.

Mr. M. Govindan : I had not thought of making a speech on this subject before I heard the discussion here. I was sorry to find personal attacks being made against the present Director. There have been all manner of irrelevant statements which did not directly concern the motion before the House.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai: Is it open to the member to say that what other members said was irrelevant when the Chair has not ruled so?

President: That is *his* opinion, and not the Chair's.

Mr. K. P. Nilakanta Pillai: Will the member be pleased to point out any one statement which he considers irrelevant?

Mr. M. Govindan: Sir, the motion before the House is.....

Mr. M. N. Paramesvaran Pillai: May I ask whether the whole Education Department is not under review now?

President: Yes, it is.

Mr. M. Govindan: Yes, the whole department is under review, and anything connected with the administration of that department may be discussed now. That is my idea too. My only point is that it is not appropriate, under this motion, to call the Director a visionary and an idealist.

Mr. M. N. Paramesvaran Pillai: I did not say 'Missionary', I said 'visionary'.

President: That is what I heard Mr. Govindan also say; 'visionary' and not 'missionary'; Mr. Statham is not a 'reverend'. (*Laughter*).

Mr. M. Govindan: Sir, if my friend had called the Director a *missionary* that would have been more appropriate, and I would have accepted it; because, such is the enthusiasm of Mr. Statham in educational matters. The pointed answers which he gives to questions put to him by members like Mr. M. N. Paramesvaran Pillai will demonstrate, if anything, that he is neither a visionary nor an idealist. Sir, I do not propose to dwell on that topic any more; because there is none in this House more competent to answer personal aspersions made against him than Mr. Statham himself.

In regard to the Deputy Director's post, it has been pointed out, Sir, that the disciplinary action, recently taken against the incumbent of that office, should not be revised.

Mr. K. K. Thomas (*Nominated*): May I know from the member whether he is in possession of the facts of the case?

Mr. M. Govindan: I shall give the facts in my possession.

It has been pointed out, Sir, that the Government should not revise their decision regarding the abolition of the post of the Deputy Director. My submission is that, on two important grounds, that decision *has to be* revised.

The first ground is that that post is, at any rate now, very necessary, and should not be abolished. We all know, Sir, that the

LIBRARY ARCHIVES Kerala Legislative Assembly

department is now in the melting pot. Many reforms are being got through. Many of the suggestions and recommendations made by the Education Reforms Committee are being sanctioned.

Mr. M. N. Paramesvaran Pillai: May I ask the member whether he would recommend the continuance of both the Director and the Deputy Director?

President: That is what he said.

Mr. M. Govindan: Yes, Sir. Until the whole reform is given effect to, we must have a Deputy Director. A large quantity of work has to be got through by the Director, and the volume of it is certainly staggering. That one man should be asked to do all the work single-handed is to expect too much. No man of ordinary powers can, single-handed, do the work satisfactorily. Unless the post of the Deputy Director is revived it is sure to lead to dilatoriness, notwithstanding the fact that Mr. Statham has more than one man's powers in the disposal of work, and the fact that he is devoting much more time to the disposal of work than even the officers of our judiciary, who are admittedly the most hard-worked officers in our State. We all know, Sir, that, even before the Personal Assistant or Manager comes to the office, Mr. Statham is at his desk and works till six or seven in the evening. The Deputy Director's post is, therefore, very necesssary.

My next point is that responsible officers like the Deputy Director should not be degraded for defalcation by a clerk under him, unless there is conclusive proof that he is directly concerned in the embezzlement. And, if he is directly concerned in the embezzlement, the proper course is, not to degrade him and send him back to the very place from where he embezzled the money.

(At this stage, the President left the House and Mr. Kochikal P. Balakrishnan Tampi, one of the Panel of Chairmen, took the Chair).

What ought to have been done is to find out, before arriving at any decision or meting out any punishment, whether the officer concerned has appropriated the money himself.

Mr. Komilezhathu Sankaran: On a point of order, Sir. The motion now before the House is the one moved by Mr. Balakrishnan Tampi, who is now presiding over the deliberations of this House. I wish to know whether it is competent to him to preside over the discussion on his own motion?

Mr. M. Govindan: If there is any difficulty about it, I am willing to father the motion myself. Speaking of the degradation, if there has been embezzlement of money by the very person concerned directly, then the punishment that has been meted out to

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Govindan.]

him is inadequate. But if only as the head of the office there is the responsibility for him to refund the sum, then the proper course is for him to be asked to refund the amount and then to punish the person directly concerned in appropriating the money.

Mr. M. N. Paramesvaran Pillai: May I know from the member about whose punishment he is now speaking?

Mr. M. Govindan: I am referring to the punishment of Mr. C. V. Chandrasekharan, the Deputy Director.

Mr. M. N. Paramesvaran Pillai: May I know from the member for what he is punished?

(Mr. Govindan took his seat as the time allotted for him to speak expired).

Mr. G. Narayana Aiyar: It cannot be denied that there serious complaints.....

Mr. S. Piraviperumal Pillai: I rise to a point of order. When a member sits down when another member is asking a question, does it mean that the time has expired?

Chairman: Sometimes it may synchronise.

Mr. G. Narayana Aiyar: There are serious complaints in the matter of promotions and appointments in the department and no definite policy seems to have been followed in that respect. There are also cases in which recognition has been withdrawn without any proper enquiry, and recognition restored again within two days without any further enquiry. These are very serious matters and have to be duly considered. Then there is the attack on the Hindu holidays in a Hindu State. The recommendation of the Director was followed by the Government without trying to verify the correctness of the same. This is also objectionable. Qualified hands that enter the Vernacular branch of the department as well as the English branch are placed in different categories. Those who enter the Vernacular branch of the department find it very difficult to get any increment or their prospects bettered. But when one enters the English branch with the same qualification his usual promotion is given. This distinction should be stopped. I would suggest that there should be an interchange of teachers in both the branches of the department. In the matter of pay also, the professors in the colleges receive a disproportionately large pay, when we take into consideration the pay that the professors in Cochin and other States receive. It can be seen that the pay here is more than double of what is received elsewhere by the professors. A District Judge who works hard from day to night without any rest whatsoever can expect only to receive Rs. 500 or Rs. 600, whereas a professor who has to work for only five or six hours a week has to be paid Rs. 700 or more.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Govindan: May I know whether the member has any objection to increasing the pay of the District Judges?

Mr. G. Narayana Aiyar: Certainly, they deserve more. What I would suggest is that in the professors' case the pay is disproportionately high and that it has no relation to the work turned out by them. That has to be cut down.

Mr. K. Madhavan Pillai (*Trivandrum*): If the member is inclined to raise the pay of the District Judge, may I know why he should be anxious to reduce the pay of the professors?

Mr. G. Narayana Aiyar: It is not possible in the present state of our finance to increase the pay of the District Judges. So we have to cut down the pay of the professors.

In the matter of imparting education also, as has been observed by previous speakers, we are not having good results. That is clear from the attitude of the Government. If the Government can find properly qualified men here to fill up the various posts of heads of departments, why should they go in for foreigners? That attitude of Government is sufficient to convince everybody that the Education Department is not turning out as good and competent set of men as is expected.

Then, as I submitted yesterday, in the matter of Geography lectures for which there is a provision of Rs. 443 in the budget, it is advisable to consider the claims of local men. I am prepared to give the names of a few who are qualified. Mr. T. C. Cheriyan, a teacher at Tiruvalla, has taken a diploma in Geography; Mr. C.M. John, a teacher, has also taken the diploma in Geography; Mr. Varghese, another teacher, has taken a diploma in Geography; Mr. N. A. Venkiteswara Aiyar, M. A., who has taken a Diploma in Geography is a teacher in the Science College and there is another Mr. P. Venkiteswara Aiyar, M. A., L. T., who has not only taken a diploma in Geography but is also a Geography L. T. and who is also employed as a teacher in Perumpavur. When there are such capable men, serving in the State whose services could be utilised, it is very difficult to understand the importation of a foreigner for receiving this remuneration.

Mr. K. N. Kesavan Namputiripad: Sir, I also like to speak a few words on this motion. When the report of the Education Reforms Committee was published it was hailed with great joy by all. Some people here had become disgusted with the prevailing form of education and any change was welcome to them. Since the report of the committee contained many valuable suggestions, it was thought that if they are put into effect they would be advantageous to the people. There was a great talk in the Assembly as well as outside about the reforms that were going to be effected

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. N. Kesavan Namputiripad.]

the starting of vocational bias schools, the opening of a college of technology, the introduction of industrial arts in schools, the introduction of instruction through the medium of Vernacular and the adjustment of school hours to meet the local needs—so many things were talked of. But all these were given up and the authorities attended to very minor matters. The only thing which the authorities have done by way of reform in the administration is the reorganisation of the Inspectorate. It sounds very bombastic but it is hollow and it means nothing. To do such minor things a great educationist as Mr. Statham was not necessary. That could have been done by any petty clerk in the department. I may say that it was a huge deception that was being played by the Government on the public, because the suggestions were very alluring and the people were led to entertain false hopes that they would be benefited by the reforms. With these words I support the opposition.

Mr. N. K. Padmanabha Pillai: വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെപ്പറ്റി എനിക്കും രണ്ടുവാക്കു പറയാനുണ്ടു്. സാധാരണ ജനങ്ങൾക്കും വിദ്യാഭ്യാസം ലഭിക്കത്തക്കവിധത്തിൽ ഫീസിനം കുറവു ചെയ്യണമെന്നുള്ളതാണു് എനിക്കാദ്യമായി പറയുവാനുള്ളതു്. ഇപ്പോഴത്തെ നില അനുസരിച്ചു് ഉദ്യോഗസ്ഥന്മാരുടേയും ധനാഢ്യന്മാരുടേയും സന്താനങ്ങൾക്കല്ലാതെ ഹൈസ്കൂളിലൊ കാളേജിലൊ വിദ്യാഭ്യാസം നടത്തുന്നതിനു സാധിക്കുന്നില്ല. അതുകൊണ്ടു് അസംബ്ലിയിൽ ൫൦ ശതമാനം ഫീസു ഇളവുചെയ്യണമെന്ന പ്രമേയം പാസാക്കിയതിനെ അനുമോദിച്ചു ഫീസു കുറവുചെയ്യേണ്ടതു് അത്യാവശ്യമാണു്. അതുനിമിത്തം മൂന്നോ നാലോ ലക്ഷംരൂപാ സർക്കാർമുതലിൽ കുറവുവരുന്നു എങ്കിൽ അതിനെ ഒരു വലിയ നഷ്ടമായി കരുതാനില്ല. അതിൽ നൂറുമടങ്ങു രക്ഷ ജനങ്ങൾക്കു് അതുനിമിത്തം ഉണ്ടാകുന്നതാണു്. ഫീസു കുറവു ചെയ്താൽ ഒട്ടുവളരെ കുട്ടികൾ പള്ളിക്കൂടത്തിൽ കൂടുതലായി വന്നുചേരുന്നതാണു്. വിദ്യാഭ്യാസഡയറക്ടറുടെ കഴിഞ്ഞവർഷത്തെ റിപ്പോർട്ടിൽ ഫ്രീ ടെ-ലെക്കാൾ ഫ്രീ വു-ൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞിട്ടുണ്ടു് എന്നു് ഡയറക്ടർതന്നെ സമ്മതിച്ചിരിക്കുന്നു. ആ സ്ഥിതിക്കു ഇപ്പോഴത്തെ ഫീസിനം ശരിയായി കുറയ്ക്കേണ്ടതാണെന്നു കാണാവുന്നതാണു്.

ഫൈൻ ഈടാക്കുന്നതിനെ സംബന്ധിച്ചാണു് ഇനി എനിക്കു പറയുവാനുള്ളതു്. ഒരു ക്ലിപ്തതീയതിക്കകം ഫീസുകൊടുക്കുന്നതു നിന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കൊടുക്കാത്ത കുട്ടികളിൽനിന്നും ഒരു ഫൈൻക്രൂടി ഈടാക്കിവരുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ കാളേജിൽനിന്നും ൧൦,൦൦൦ രൂപായും ഇംഗ്ലീഷ്സ്കൂളിൽനിന്ന് ൨,൦൦൧ രൂപായും മുന്നാണ്ടത്തെ അപേക്ഷിച്ച് കൂടുതലായി വരവുണ്ടായിട്ടുണ്ടെന്നു കാണുന്നു. ഇതിൽ ഭൂരിഭാഗവും ഫൈൻഇനത്തിൽ കൂടുതലായി കിട്ടിയിട്ടുള്ളതാണെന്നു അനുമാനിക്കാം. ഇതു വളരെ കഷ്ടമാണ്. ഇങ്ങനെ ഫൈൻ ഈടാക്കുന്ന ഏർപ്പാട് നിർത്തണം. ഫീസുകൊടുക്കേണ്ട സമയങ്ങളിൽ ഫൈൻ കൊടുക്കുന്നതിനെ ഭയന്ന് ജനങ്ങൾ സ്വർണ്ണആഭരണങ്ങൾ പണയപ്പെടുത്തുകയും ജംഗമസാമാനങ്ങൾ വിൽക്കുകയുംചെയ്യുന്നതു സാധാരണയാണ്. അതുകൊണ്ട് ഇപ്പോൾ നടപ്പിലിരിക്കുന്ന ഫൈൻ ഏർപ്പാട് നിർത്തണ്ടതു് അത്യാവശ്യമാണ്.

ഇൻസ്പെക്ടറേറ്റു പരിഷ്കാരത്തെ സംബന്ധിച്ചാണ് ഇനി എനിക്കു പ്രസ്താവിക്കുവാനുള്ളതു്. അതിനെപ്പറ്റി ഇവിടെ പല സ്നേഹിതന്മാരും പറഞ്ഞുകഴിഞ്ഞു. സ്റ്റേത്താംകമ്മിറ്റി റിപ്പോർട്ടിൽ രണ്ടു ഡിവിഷണൽ ഇൻസ്പെക്ടർമാർ വേണമെന്നേ ശുപാർശചെയ്തിട്ടുണ്ടായിരുന്നുള്ളൂ. ഇപ്പോൾ നാലു ഇൻസ്പെക്ടറും ഒരു ഇൻസ്പെക്ടസും ഉൾപ്പടെ അഞ്ചുപേരുണ്ട്. ജനങ്ങളെ ഏതെല്ലാംവിധത്തിൽ ദ്രോഹിക്കാനും ഉപദ്രവിക്കാനും കഴിയുമോ ആ വിധത്തിലെല്ലാം ചെയ്യുന്ന ഒരു ഇൻസ്പെക്ടസ്സിനെയാണു നമുക്കു കിട്ടിയിരിക്കുന്നതു്.

Mr. Tariatu Kunjitomman (*Nominated*): ഏതുവിധത്തിലാണു ഇൻസ്പെക്ടസ്സ് ജനങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നതെന്നു പറയാമോ?

Mr. N. K. Padmanabha Pillai: നിയമനകാര്യത്തിൽ വളരെ ഉപദ്രവംചെയ്തുകൊണ്ടിരിക്കുന്നു. ന്യായമായ അവകാശികളെ നിയമിക്കാതെ യാതൊരു അവകാശവും ഇല്ലാത്തവരെ നിയമിച്ചിരിക്കുന്നു.

Mr. Tariatu Kunjitomman: അങ്ങനെ നിയമിച്ചിട്ടുള്ള രണ്ടുമൂന്നുപേരുടെ പേരു പറയാമോ?

Mr. N K. Padmanabha Pillai: ഇപ്പോൾ അവരുടെ പേർ പറയുന്നതിനു സമയമില്ല. ഏതുപേരു വേണമെങ്കിലും പിന്നീടു പറഞ്ഞുതരാം.

Mr. Kattiyattu Sivarama Panicker (*Vaikam cum Shertallai*): ഈ ഇൻസ്പെക്ടസ്സ് പോലീസ്സാണൊ പറയുന്നതു്?

Mr. N. K. Padmanabha Pillai: അതേ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

അവരുടെ പരിശോധനക്കായി നിശ്ചയിച്ചിരിക്കുന്നത് തുറിൽപരം എണ്ണം മാത്രമുള്ള ഗവൺമിഡിൽസ്കൂൾ ഹൈസ്കൂൾ, ടയിനിംഗ് സ്കൂൾ എന്നിവയാണ്. അവയെ ഡിവിഷൻ ഇൻസ്പെക്ടന്മാക്കോ അസിസ്റ്റൻറ് ഇൻസ്പെക്ടന്മാക്കോ പരിശോധിക്കാവുന്നതാണ്. അതുകൊണ്ട് ഈ ഇൻസ്പെക്ട്രസ്സ് ആവശ്യമില്ല.

Mr. Kattiyattu Sivarama Panickar: ആ തരം സ്കൂളുകളെ പുരുഷന്മാർ പരിശോധിക്കാൻ പാടില്ല എന്ന നിശ്ചയിച്ചിരിക്കുന്നതിനുള്ള കാരണമെന്താണെന്ന് മെമ്പക്കറിയാമൊ ?

Mr. N K. Padmanabha Pillai: ആൺഇൻസ്പെക്ടന്മാക്ക് മറ്റുള്ള സ്കൂളുകളും എല്ലാം പരിശോധിക്കാമെങ്കിൽ ഈ മിഡിൽസ്കൂളും ഹൈസ്കൂളും ടയിനിംഗ് സ്കൂളുകളും മാത്രം അവക്ക് പരിശോധിക്കാൻ പാടില്ലാ എന്ന് പറയുന്നതു് അതിശയമായിരിക്കുന്നു. നല്ല മനപ്പരിഷ്കാരം സിദ്ധിച്ചിട്ടുള്ളവരാണ് ഈ വക ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത്.

Mr. Kattiyattu Sivarama Panickar: ഇൻസ്പെക്ടന്മാരുടെ പരിശോധനക്കായി വച്ചിരിക്കുന്നത് എലിമെൻററിസ്കൂളുകളും ഇൻസ്പെക്ടസിന്റെ പരിശോധനക്കായി വച്ചിരിക്കുന്നതു് മിഡിൽസ്കൂളുകളും ഇംഗ്ലീഷ്സ്കൂളുകളുമാണെന്ന് മെമ്പക്കറിഞ്ഞുകൂടെ?

Mr N. K Padmanabha Pillai: അറിയാം. ഈ വ്യത്യാസം ആവശ്യമില്ലെന്നാണ് ഞാൻ പറയുന്നത്. Co education സ്കൂളുകളിലും കാളേജിലും ഇവിടെ നടപ്പിലിരിക്കുകയുമാണല്ലൊ.

Mr. A. N. Visvanatha Pillai (*Quilon cum Karunagapalli*): സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പമുള്ള സ്വാതന്ത്ര്യംവേണമെന്ന് വാദിക്കുന്നകാലമല്ലെ ഇതു്?

Mr. N. K. Padmanabha Pillai: അങ്ങനെ ആയിരിക്കാം.

Mr. A. N. Visvanatha Pillai: അതുകൊണ്ട് പുരുഷന്മാർ സ്ത്രീകളുടെ പള്ളിക്കൂടങ്ങളെ പരിശോധിക്കുന്നതിൽ അസ്വാസ്ഥ്യമൊന്നുമില്ലെന്ന് മെമ്പക്ക് തോന്നുന്നില്ലെ?

Mr. N K Padmanabha Pillai: അങ്ങനെതന്നെയാണ് എൻറ അഭിപ്രായം.

Mr. Tariatu Kunjitomman: ഉയന്തരം വിദ്യാലയങ്ങളെ പരിശോധിക്കുന്നതിന് ഇൻസ്പെക്ട്രസ്സിനെ നിയമിക്കുന്നതു് അതിനുവേണ്ടി ഒരു ഇൻസ്പെക്ടരെ നിയമിക്കുന്നതിനെക്കാൾ കൂടുതൽ ദോഷകരമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

Mr. N. K. Padmanabha Pillai: ദോഷമൊന്നും ഇല്ലായിരിക്കും, പക്ഷേ കൂടുതൽ ഇൻസ്പെക്ടേർസ് ഉള്ളതുകൊണ്ട് ഇൻസ്പെക്ടസ്സിന്റെ ആവശ്യം ഉണ്ടാകുന്നില്ല. ഇതുകൂടാതെ സ്കൂളുകൾക്ക് ഒരു ഇൻസ്പെക്ടസ്സ് ആവശ്യമില്ല. വൃഥാവ്യയമാണ്.

Mr. M. N. Narayana Menon: നൂറ് ശതമാനം ആൺപെൺകുട്ടികളെ ഒരുമിച്ചിരുത്തിയാണ് വിദ്യാഭ്യാസം നടത്തിവരുന്നതെന്നറിയാമോ?

Mr. N. K. Padmanabha Pillai: അതെ അങ്ങനെയാണ് റിപ്പോർട്ടിൽനിന്നും കാണുന്നത്.

ഇൻസ്പെക്ടസ്സ് ഉദ്യോഗനിയമനവിഷയത്തിൽ അനർഹമായ പക്ഷപാതം കാണിക്കുന്നു എന്നുള്ളതു് ഞാൻ മുമ്പുതന്നെ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. എതുകൊണ്ടും ഇൻസ്പെക്ടസ്സിന്റെ കീഴിൽ വച്ചിട്ടുള്ള വിദ്യാലയങ്ങളെ പരിശോധിക്കുന്നതിനുള്ള അധികാരം ഇൻസ്പെക്ടന്മാർക്കു വീതിച്ചുകൊടുത്താൽ മതിയാകും.

Mr. Tariatu Kunjitomman: മറ്റ് ഇൻസ്പെക്ടന്മാർ സത്യമായും ന്യായമായും ആണ് നിയമനം നടത്തിവരുന്നതെന്ന് മെമ്പർക്ക് ബോദ്ധ്യമുണ്ടോ?

Mr. N. K. Padmanabha Pillai: നിശ്ചയമായും ഇതുതോളം അനീതിചെയ്യുന്നില്ല.

അസിസ്റ്റൻറ് ഇൻസ്പെക്ടസ്സുകൾക്കു വണ്ണാക്കുലർ മിഡിൽ സ്ക്കൂളുകളിൽ പരിശോധനനടത്താൻ പാടില്ലാ എന്ന് വച്ചിരിക്കുന്നു. എന്നാൽ അവരെക്കാൾ പ്രാപ്തിയും സർവ്വീസും ശമ്പളവും കൂടുവുള്ള അസിസ്റ്റൻറ് ഇൻസ്പെക്ടസ്സിന്റെ അസിസ്റ്റൻറിനു പരിശോധിക്കാമെന്നു നിശ്ചയിച്ചിരിക്കുന്നതു് ഏതുതത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നുള്ളതു് മനസ്സിലാകുന്നില്ല.

Mr. K. Madhavan Pillai: സ്ഥലം ഇൻസ്പെക്ടസ്സിനു മലയാളം അറിഞ്ഞുകൂടാ എന്നുള്ളതു് മെമ്പർക്കറിയാമോ?

Mr. N. K. Padmanabha Pillai: അങ്ങനെ മലയാളഭാഷ അറിഞ്ഞുകൂടാ എങ്കിൽ ഈ സ്ഥാനത്തു് ഒരുന്നിഷ്യവും വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതാണ്.

Mr. Komilezhathu Sankaran: ഡിവിഷൻ ഇൻസ്പെക്ടരുടെ പേർസണൽ അസിസ്റ്റൻറും മലയാളം ബി. എ. ആണെന്നുള്ളതു് മെമ്പർക്കറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

Mr. N. K. Padmanabha Pillai : അറിഞ്ഞുകൂടാ. അങ്ങനെആയിരുന്നാൽതന്നെ എന്ത്?

ഇപ്പോഴത്തെ ഡിവിഷൻസ് തിരിച്ചിരിക്കുന്നവിഷയത്തിൽ ശരിയായ ഒരു വ്യവസ്ഥയും സ്വീകരിച്ചിരിക്കുന്നതായികാണുന്നില്ല. തിരുവനന്തപുരം ഇൻസ്പെക്ടക്ക് പത്തു ഡിസ്ട്രിക്ട്സ്, കൊല്ലംഇൻസ്പെക്ടക്ക് ആറുഡിസ്ട്രിക്ട്സും കൊടുത്തിരിക്കുന്നു. ചെങ്കോട്ടയും കൊട്ടാരക്കരയും തിരുവനന്തപുരം ഡിവിഷനിൽ ചേത്തിരിക്കുന്നു. ആ സ്ഥലങ്ങൾ പരിശോധിക്കാൻ കൂടുതൽ സൗകര്യം കൊല്ലംഇൻസ്പെക്ടർക്കാണെന്നുള്ളതു എന്തുകൊണ്ടു വിസ്മരിച്ചു എന്നു മനസ്സിലാകുന്നില്ല.

കറുത്തവാവു് ഒഴിവിനെപ്പറ്റി ഇവിടെ പലരും സംസാരിച്ചുകഴിഞ്ഞു. ഏതായാലു് വാവ്ഒഴിവ് എടുത്തുകളഞ്ഞതിൽ തീരെന്യായം കാണുന്നില്ല. ഹിന്ദുക്കൾ അതിനെ പ്രധാനമായ ഒരു ഒഴിവു് ദിവസമായിട്ടാണു് ആചരിച്ചുവരുന്നതു്. കറുത്തവാവു് ദിവസത്തിൽ അദ്ധ്യാപകർ ഒന്നോ ഒന്നരയോ മണിക്കൂർസമയം താമസിച്ചുവന്നാൽ മതി, അല്ലെങ്കിൽ കാഷ്യൽ അവധി എടുത്തുകൊള്ളണമെന്നും മറ്റും ഡയറക്ടർ നിശ്ചയിച്ചതു ആരുടെ ഉപദേശപ്രകാരമാണെന്ന് മനസ്സിലാകുന്നില്ല. ആ ദിവസത്തെ മതപരമായിവളരെ പ്രാധാന്യമുള്ള ഒരു ഒഴിവ് ദിവസമായി ഹിന്ദുക്കൾ ആചരിച്ചുവരുന്നതുകൊണ്ടു് തീർച്ചയായും അതിനെ ഒഴിവുദിവസമായിതന്നെ ഗണിക്കേണ്ടതാണു്.

Mr. Komilezhathu Sankaran : ഈ കറുത്തവാവു ദിവസമല്ലാതെ ഹിന്ദുക്കൾക്കു മാസംതോറും വരുന്ന ഹിന്ദു ഒഴിവു ദിവസങ്ങൾ വേറെഏതെങ്കിലുമുണ്ടോ?

Mr. N. K. Padmanabha Pillai: വേറെ ഒന്നുമില്ല.

ഫീസ് കൺസെഷനെ സംബന്ധിച്ചു മി. പരമേശ്വരൻപിള്ള പുറപ്പെടുവിച്ച അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നു. ഫീസ് സൌജന്യം ജാതിമതവ്യത്യാസംകൂടാതെ സാധുക്കൾക്ക് എല്ലാവക്കും ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണു്. ഇപ്പോഴത്തെ ഏർപ്പാടു് അനുസരിച്ചു എത്രകഴിവുള്ള മഹമ്മദീയക്കും മുഴുവൻ ഫീസും സൌജന്യമാക്കിയിരിക്കുന്നു. ആ സ്ഥിതിക്കു ഇവിടത്തെ ദിവാൻ, സർ ഹബീബുള്ള അദ്ദേഹത്തിന്റെ കുട്ടികളെ സ്ക്കൂളിൽ അയച്ചാൽ അവക്കു് ഫീസ് കൊടുക്കേണ്ട എന്നാണു് വിചാരിക്കേണ്ടിയിരിക്കുന്നതു്. ഇതു് പ്രത്യക്ഷത്തിൽ അന്യായമല്ലെ? അതുകൊണ്ടു ഇപ്പോഴത്തെ ഫീസ് സൌജന്യരീതിയേ ഭേദപ്പെടുത്തേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ടീച്ചേർസ് ബെനിഫിറ്റ് ഫണ്ടിനെപ്പറ്റി മി. കെ. പി. നീല കണ്ഠപ്പിള്ള ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. അതിന്റെ പ്രസിഡന്റായിരുന്നത് മുമ്പിലത്തെ വണ്ണാക്യുലർസ് ക്ലാസ് ഇൻസ്പെക്ടർ ആയിരുന്നു. അദ്ദേഹം ഇപ്പോൾ നാലിലൊന്ന് ഇൻസ്പെക്ടർആയിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹത്തിനു പ്രസിഡൻഷ്യസ്ഥാനം വച്ചുകൊണ്ടിരിക്കാൻ നിവൃത്തി ഇല്ല. സാധുക്കളായ അദ്ധ്യാപകന്മാരിൽനിന്നും പിരിഞ്ഞുകിട്ടിയിട്ടുള്ള ഒരുലക്ഷംരൂപാ ഈ ഫണ്ടിൽഉണ്ട്. ർ,വ ം ം മെമ്പേഴ്സും ഉണ്ട്. രണ്ടുകൊല്ലക്കാലമായി അതിനെ ശരിയായി നടത്തികൊണ്ടുവരുകയാണ്. ആ കാര്യത്തെപ്പറ്റി പ്രത്യേകമായി ആരും ശ്രദ്ധിക്കാതിരിക്കുന്നതുകൊണ്ട് പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ട്. ഇപ്പോഴത്തെ ഡയറക്ടർ അതിന്റെ പ്രസിഡൻറായിരിക്കണമെന്നു കമ്മിറ്റിക്കാർ പലപ്രാവശ്യവും അപേക്ഷിച്ചിട്ടും അദ്ദേഹം അതു സ്വീകരിക്കാതിരിക്കുന്നതു എന്തു ഉദ്ദേശത്താലാണെന്ന് അറിയുന്നില്ല. ഡയറക്ടർ ഫണ്ടിന്റെ പ്രസിഡൻറായിരുന്ന് അതിനെ പ്രോത്സാഹിപ്പിക്കണം.

Mr. V. S. Arumukham Pillai (*Tovala* cum *Agastisvaram*): Sir, I do concede that the present Director of Public Instruction is a great educationist and a great enthusiast in education. But the fact cannot be denied that some of his recommendations are quite impracticable. In this respect, I agree with the honourable member, Mr. Paramesvaran Pillai, when he said that the Director was a visionary. Now leaving aside the merits of his reform and the merits of the learned Director, what we are concerned is whether any reform which touches our pocket, the resources of the State, is fit to be effected at the present moment. That is the question that I want to lay emphasis upon. Under the head of Education funds to the extent of Rs. 1·16 lakhs in excess of the anticipated expenditure of the current year have been provided for in the budget. The fact cannot be denied that Travancore is foremost in the matter of education and this place which our Travancore has attained is at the cost of huge sums of money on education and it is as a result of that we have attained to this position. But my question is are we the richer for it. I may submit that it is thi costly education that has caused the poverty of the country.

Mr. M. Govindan: May I know from the member whether there is not more literacy now than before?

Mr. V. S. Arumukham Pillai: I do concede that there is more literacy now than before and that is why I say that the country has become poorer. In the words of the Census Commissioner unemployment increases with literacy, and indebtedness is

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S, Arumukham Pillai.]

steadily increasing with unemployment. That is the point which I emphasise. Costly education which we were having hitherto has caused the poverty of the country.

Mr. Kattiyattu Sivarama Panickar: Does not the Statham Committee report contain the same observation made by the member now?

Mr. V. S. Arumukham Pillai: Yes. I find on page 342 of the report these words:—

> "the recommendations we have made in this Report have naturally been made irrespective of the present economic depression and in the hope that Travancore, along with other countries, will soon enjoy a revival of trade".

Now so far as the revival of the trade is concerned there is no hope for the future. The clouds are thicker and blacker and there is no likelihood of things getting brighter. Therefore my point is that when the people are too poor and when they are impoverished it will be too much to ask them to contribute any more money to this education which, I may say, is not at all beneficial so far as the economic point of view is concerned.

Mr. M. Govindan: May I know whether he does not accept the opinion of the Financial Secretary that our financial position is quite sound?

Mr. V. S. Arumukham Pillai: I do not accept it. I have said yesterday during the general discussion on the budget that the statement of the Financial Secretary is questionable. The financial position is really not sound. It is the peoples' resources which we ought to take into consideration and not the figures that we find in the budget book.

Mr. K. Madhavan Pillai: Does the member mean to say that the State ought not to spend any money to remove illiteracy? Is that the point?

Mr. V. S. Arumukham Pillai: That is not my point. Illiteracy must be removed. But too much money need not be spent on education, because it is becoming useless and has made the country poor. That does not mean that there must be illiteracy in the land. What I mean is this. In the colleges we find that huge sums of money were lavished and are being lavished even now. We do not find the same amount spent in the secondary schools.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Govindan: What about the vocational bias schools?

Mr. V. S. Arumukham Pillai: I am deadly against the introduction of vocational bias schools. I have elaborated my point on that during the time when the committee's report was discussed in this House. It is impracticable and our experience of the existing vocational institutions shows that it will be a failure. By instituting vocational bias schools the Director or the committee are trying to solve the naughty problem of unemployment.

Now turning to the subject, I may say that I am against the costly establishment which we are having in the colleges. I may submit that I do not grudge sufficient money being spent in schools, because to a citizen of modern State secondary school education at least is as much necessary as light and air and every facility ought to be provided for encouragement of secondary school education, and in view of the impoverishment of the country I would agree with most of my friends that the school fees should be reduced substantially but not the college fees.

Now I may take this opportunity to point out that there are in the State 8 lakhs of Tamil speaking people. It has been a long-felt grievance of these Tamil speaking people to have a separate Tamil Inspectorate. They have been agitating for a long time but the Government do not heed to it and therefore I would request that this long-felt grievance may be redressed at the earliest opportunity.

Mr. K. Madhavan Pillai: Does the member want Tamil Inspectorate all over the country?

Mr. V. S. Arumukham Pillai: One Tamil Inspector for the whole State.

Mr. S. Piraviperumal Pillai: Are there sufficient Tamil schools all over the State?

Mr. V. S. Arumukham Pillai: No. In this connection I would point out that more Tamil schools should be established throughout the State.

Mr. Tariatu Kunjitomman: ഒരു രാജ്യത്തിന്റെ വാസ്ഥവമായ അഭിവൃദ്ധി അവിടത്തെ വിദ്യാഭ്യാസത്തെ സാരമായി ആശ്രയിച്ചാണിരിക്കുന്നതു്. ഇൻഡ്യയിൽ കൊച്ചികഴിഞ്ഞാൽ വിദ്യാഭ്യാസത്തിൽ മുന്നിട്ട് നിൽക്കുന്നതു് തിരുവിതാംകൂർആണു്. ഇവിടെ സാമ്പത്തികവിഷമം അധികരിച്ച വരുന്നഎങ്കിലും കുഞ്ഞികൊല്ലത്തിൽ ഒരു ലക്ഷത്തിപതിനാറായിരം രൂപാ എഡ്യൂക്കേഷൻ ഡി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ഗ്വാർട്ടുമെൻറിലേക്കു കൂടുതലായി ചേർത്തുകാണുന്നതു് സന്തോഷാവഹം തന്നെ വിദ്യാഭ്യാസത്തിനായി പ്രതിവത്സരവും വമ്പിച്ചധനവ്യയം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അതിൻറെ വ്യയരീതി ഇനിയും ശരിപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഈസംഖ്യ ജനസാമാന്യത്തിനു് പരക്കെഉപയോഗപ്രദമാംവണ്ണം വിനിമയംചെയ്യുന്നതിനു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. നാട്ടിൻപുറങ്ങളിലുള്ളസാമാന്യജനങ്ങൾക്കു് ഈ വ്യയംകൊണ്ടു് വേണ്ടപോലുള്ള ഗുണം കാണുന്നില്ല. ഉഠംനാടുകളിൽ വിദ്യാലയങ്ങൾ ഇപ്പോഴും വേണ്ടിടത്തോളമില്ല. ഈ രാജ്യവാസികളുടെ ആകെ സംഖ്യനോക്കിയാൽ വളരെ കുറഞ്ഞ ഒരു ഭാഗംമാത്രമെപട്ടണവാസികളായിട്ടുള്ളൂ. നാട്ടിൻപുറങ്ങളിലുള്ള ഭൂരിപക്ഷം ജനങ്ങൾക്കും വിദ്യാഭ്യാസത്തിനു് സ്കൂളുകൾ വളരെ കുറവാണു്. നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നും സകലജനങ്ങൾക്കും വിദ്യാഭ്യാസം നൽകണമെന്നും, സാധാരണപറയാറുണ്ടു്. അതിനു് പറ്റിയപ്രമായ രീതിയിലല്ല ഗവണ്മെൻറു് ഇന്നു് വിദ്യാഭ്യാസത്തിനു് ധനവ്യയം ചെയ്തുവരുന്നതു്. നാട്ടിൻപുറങ്ങളിൽക്കൂടുതലായി അനേകം പ്രാഥമികവിദ്യാലയങ്ങൾ സ്ഥാപിക്കാതെ നിർബന്ധവിദ്യാഭ്യാസകാര്യം ചിന്തിച്ചിട്ടു ഫലമില്ല.

Mr. K. P. Nilakanta Pillai : തിരുവിതാംകൂറിൽ വിദ്യാലയങ്ങൾ ഇല്ലാത്തപ്രകൃതികൾ എത്രയുണ്ടെന്നറിയാമോ?

Mr. Tariatu Kunjitomman : അതിൻറെ ശരിയായ കണക്കു് ഞാൻ ഇനിയും എടുത്തിട്ടില്ല. പലതുകാണും, എൻറെ താലൂക്കിൽ കുട്ടമംഗലം പ്രകൃതിയിൽ ഒരു വിദ്യാലയവും സർക്കാർവകയായൊ ഗ്രാൻറുള്ളതായൊന്നുമില്ല.

Mr. K. P. Nilakanta Pillai : ഒരു പ്രകൃതിയിൽ എത്രവിദ്യാലയങ്ങൾവേണംഎന്നുപറയാമോ?

Mr. Tariatu Kunjitomman : അതിൻറെ ജനസംഖ്യയും വിസ്തീർണ്ണവും അനുസരിച്ചിരിക്കും. നാട്ടിൻപുറങ്ങളിൽ വിദ്യാലയങ്ങൾ വർദ്ധിപ്പിക്കണം. ഗ്രാൻറു സ്കൂളുകളെ പ്രോത്സാഹിപ്പിക്കണം. ഗ്രാൻറു വിദ്യാലയങ്ങൾ ഇല്ലായിരുന്നു എങ്കിൽ വിദ്യാഭ്യാസവിഷയത്തിൽ ഗവണ്മെൻറിനു് പ്രതിവത്സരം എന്തു ചിലവു വരുമായിരുന്നു എന്നും ജനങ്ങൾക്കു് പ്രകൃതിയുടെ സ്ഥിതിയിൽ വിദ്യാഭ്യാസംകിട്ടുമായിരുന്നൊ എന്നും ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: കോതമംഗലംഎന്ന്പറഞ്ഞസ്ഥലം നാട്ടിൻപുറമാണൊ പട്ടണമാണോ?

Mr. Tariatu Kunjitomman : ചോദ്യങ്ങളെല്ലാം ഒടുവിൽ ആക്കിയാൽകൊള്ളാം.

The Council adjourned for lunch at 1 P. M. and reassembled at 2 of the clock, Mr. Kochikal P. Balakrishnan Tampi, one of the panel of Chairmen, presiding.

